"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന മാരാരി മാർക്കറ്റിംഗ് ലിമിറ്റഡ്-ന് 40 ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.205/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 25/01/2021

---

പരാമർശം:- 1 09.03.2018-ലെ സ.ഉ(സാധാ) നം.653/2018/തസ്വഭവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.12.2020-ലെ 8321/ഡി/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ട് ആയ മെഡികോം (മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് വിത്ത് ഇന്നോവേറ്റീവ് കമ്മ്യൂണിറ്റി & മാർക്കറ്റ് ലിങ്കേജസ്) പദ്ധതി പ്രകാരം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ഉടമസ്ഥതയിൽ ആലപ്പുഴയിൽ ആരംഭിച്ച പൊതുമേഖലാ സ്ഥാപനമായ മാരാരി മാർക്കറ്റിംഗ് ലിമിറ്റഡ്-ന് പരാമർശം(1)-ലെ സർക്കാർ ഉത്തരവു പ്രകാരം ഒരു കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലം പരിഗണിച്ച് മാരാരി മാർക്കറ്റിംഗ് സംരംഭത്തെ സംരക്ഷിക്കുന്നതിനായി പലിശരഹിത വായ്പയായി 40 ലക്ഷം രൂപ മാരാരി മാർക്കറ്റിംഗ് ലിമിറ്റഡിന് അനുവദിക്കുന്നതിനായി കുടുബശ്രീക്ക് അനുവദിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാരാരി മാർക്കറ്റിംഗ് ലിമിറ്റഡിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പലിശരഹിത വായ്പയായി 40 ലക്ഷം രൂപ (നാല്പതു ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനായി 2515-00-800-48(PV) ശീർഷകത്തിൽ നിന്നും ടി തുക കുടുംബശ്രീക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വായ്പാ തിരിച്ചടവ് കാലാവധി രണ്ട് വർഷം. രണ്ട് വർഷത്തിനകം ലോൺ പൂർണ്ണമായും അടച്ചു തീർത്തില്ലെങ്കിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് ട്രഷറി സേവിംഗ്സ് നിരക്കിൽ പലിശ ഈടാക്കുന്നതായിരിക്കും.
2. കുടുംബശ്രീയും മാരാരി മാർക്കറ്റിംഗും ചേർന്ന് എസ്ക്രോ അക്കൗണ്ട് രൂപീകരിച്ച് പ്രസ്തുത വായ്പ തിരിച്ചടവ് ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ ഡെവലപ്പ്മെന്റ് (ഡെവ.2/1/2021/ഫിൻ പ്രകാരം) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള

തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ